**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - കേരള സ്റ്റാറ്റിസ്റ്റിക്സ് ആന്റ് എക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസ് - സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യൽ - സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II/ കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ്-II എന്നീ തസ്തികകളുടെ യോഗ്യതയായി ബി.കോം ബിസിനസ് സ്റ്റാറ്റിസ്റ്റിക്സ് കൂടി ഉൾപ്പെടുത്തികൊണ്ട് എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുന്നു.

ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ്

സ.ഉ(Ms)47/2014/ആ.സാ.കാ. തീയതി : തിരുവനന്തപുരം 24/10/2014.

പരാമർശം:-
1. 20.2.09 ലെ GO(P)No.9/09/Plg നമ്പർ നോട്ടിഫിക്കേഷൻ.
2. 25.8.14 ലെ സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ ജി.25148/2014/ഡി.ഇ.എസ് (1) നമ്പർ കത്ത്.
3. സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിലേക്കുള്ള സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ട ഒരു കൂട്ടം ഉദ്യോഗാർത്ഥികൾ 3.9.14 ൽ സമർപ്പിച്ച അപേക്ഷ.
4. കേരള യൂണിവേഴ്സിറ്റിയുടെ 02-07-2014-ലെ AC.A.III/1/30708/2014 നമ്പർ സർട്ടിഫിക്കറ്റ്.
5. കേരള യൂണിവേഴ്സിറ്റിയുടെ 30.9.14 ലെ AC.A.III/1/42891/2014 നമ്പർ സർട്ടിഫിക്കറ്റ്.
6. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 8.10.2014-ലെ DR III (1)/374/11/GW/D2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച 'Kerala Statistics and Economics Subordinate Service Special Rules 2009' പ്രകാരം സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പിൽ Statistical Assistant Grade II / Statistical Investigator Grade II / Computer Operator Grade II എന്നീ തസ്തികകളിലേക്കുള്ള നിയമനത്തിന് നിശ്ചിത യോഗ്യതകളിൽ സ്റ്റാറ്റിസ്റ്റിക്സോടു കൂടിയ കോമേഴ്സ് ബിരുദവും ഉൾപ്പെടുത്തിയിട്ടുണ്ട്. "ബിസിനസ്സ് സ്റ്റാറ്റിസ്റ്റിക്സോടു കൂടിയ കോമേഴ്സ് ബിരുദം ഈ തസ്തികയിലേക്കുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം അംഗീകൃത യോഗ്യത അല്ലാത്തതിനാൽ ആയത് സ്വീകരിക്കേണ്ടതില്ലെന്ന് ഉത്തരവായിട്ടുള്ളതായി" കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അറിയിക്കുകയുണ്ടായി.

2. The content and Syllabi of the subject 'Business Statistics' of B.Com Degree Course is the same as that of 'Statistics' for other Degree Programmes എന്ന് പരാമർശം (4) പ്രകാരവും "The nomenclature of the subject 'Statistics' of the B.Com Degree Course under University of Kerala is 'Business Statistics' എന്ന് പരാമർശം (5) പ്രകാരവും കേരള യൂണിവേഴ്സിറ്റി രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3. കേരള യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സ്പെഷ്യൽ റൂൾസിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II/സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II/കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ്-II എന്നീ തസ്തികകളുടെ യോഗ്യതയായി 'ബിസിനസ് സ്റ്റാറ്റിസ്റ്റിക്സോടു കൂടിയ കോമേഴ്സ് ബിരുദം' കൂടി ഉൾപ്പെടുത്തികൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേല്പറഞ്ഞ ഭേദഗതിയോടെ പരാമർശം (1) ലെ ഉത്തരവ് നിലനിൽക്കുന്നതും ഇപ്രകാരം കേരള സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഇക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2009 ഭേദഗതി ചെയ്തുകൊണ്ടുള്ള വിജ്ഞാപനം പിന്നീട് പുറപ്പെടുവിക്കുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പി.മാരപാണ്ഡ്യൻ
പ്രിൻസിപ്പൽ സെക്രട്ടറി

To

1. ഡയറക്ടർ ജനറൽ , ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ് ) കേരള, തിരുവനന്തപുരം.
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**